എൽ.പി./യു.പി. സ്കൂൾ ടീച്ചേഴ്സ് നിയമനത്തിന് വേണ്ട വിദ്യാഭ്യാസ യോഗ്യത

127 (2067) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിൽ എൽ.പി/യു.പി. സ്കൂൾ ടീച്ചേഴ്സ് നിയമനത്തിന് പ്രത്യേകം പ്രത്യേകം വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ച് ഉത്തരവിറക്കിയ സാഹചര്യം വിശദീകരിക്കുമോ ;

(ബി) നിലവിൽ ബി.എഡ്. യോഗ്യതയുള്ളവർ കൂടി ഉൾപ്പെടുന്ന ലിസ്റ്റ് പി.എസ്.സി. യിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇനി പുതിയ ലിസ്റ്റ് നിലവിൽ വരുന്നതുവരെ ഇത്തരം തസ്തികകളിലെ നിയമനത്തിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദീകരിക്കുമോ ?

ഉത്തരം

(എ) ബഹു. കേരള ഹൈക്കോടതിയുടെ 744/99 റിട്ട് അപ്പീലിന്മേലുള്ള നിർദ്ദേശം നടപ്പിലാക്കുന്നതിനുവേണ്ടിയാണ് എൽ.പി./യു.പി. സ്കൂൾ ടീച്ചേഴ്സ് നിയമനത്തിന് പ്രത്യേകം പ്രത്യേകം വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ച് ഉത്തരവിറക്കിയത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് മാത്രമേ നിയമനം നടത്താൻ നിർവാഹമുള്ളൂ.

തിരുവനന്തപുരം ജവഹർ നവോദയ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്താൻ നടപടി

128 (2069) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ജവഹർ നവോദയ വിദ്യാലയങ്ങളിൽ ഈ വർഷം പ്രവേശനം നൽകുന്ന കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) മുൻ വർഷങ്ങളിലെ പോലെ മുഴുവൻ കുട്ടികൾക്കും പ്രവേശനം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 40 പേരെ മാത്രമേ 2003-04 അദ്ധ്യയന വർഷത്തിൽ അഡ്മിറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഹോസ്റ്റലിന്റേയും മറ്റ് പ്രാഥമിക സൗകര്യങ്ങളുടേയും അപര്യാപ്തതമൂലം ഈ അദ്ധ്യയന വർഷം 40 കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യാനാണ് നവോദയ വിദ്യാലയ സമിതിയുടെ തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly